ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.05.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. മന്ത്രിസഭ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ കേരളത്തിൽ പുരോഗമിക്കുന്നു; കോൺഗ്രസ് നിയമസഭാ കക്ഷി യോഗം ഇന്ന് തിരുവനന്തപുരത്ത് ചേർന്നു.

   **Discussions related to government formation are progressing in Kerala; the Congress Legislature Party meeting was held in Thiruvananthapuram today.**

2. തമിഴ്നാട്ടിൽ സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം ഉന്നയിച്ച് ടിവികെ നേതാവ് വിജയ് രണ്ടാംതവണയും ഗവർണറെ സന്ദർശിച്ചു.

   **In Tamil Nadu, TVK leader Vijay met the Governor for the second time, staking claim to form the government.**

3. ഓപ്പറേഷൻ സിന്ദൂറിന് ഇന്ന് ഒരു വയസ്സ്; ഇന്ത്യൻ സായുധ സേനയുടെ പോരാട്ട വീര്യത്തെ അഭിനന്ദിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള നേതാക്കൾ.

   **Operation Sindoor marks its first anniversary today; leaders including the President and the Prime Minister hailed the valour of the Indian Armed Forces.**

4. അച്ചടക്കവും, ദേശസ്നേഹമുള്ള യുവാക്കളെ രൂപപ്പെടുത്തുന്നതിൽ സൈനിക സ്കൂളുകൾക്ക് നിർണായക പങ്കുണ്ടെന്ന് പ്രതിരോധ സഹമന്ത്രി സഞ്ജയ് സേട്ട്.

**Minister of State for Defence Sanjay Seth said that Sainik Schools play a crucial role in shaping disciplined and patriotic youth.**

5. കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരും; 7 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

**Isolated heavy rainfall is likely to continue in Kerala; yellow alert issued in seven districts today.**

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു- ലഖ്നൗ സൂപ്പർ ജയൻറ്സ് പോരാട്ടം.

**In the IPL cricket today, Royal Challengers Bengaluru will take on Lucknow Super Giants.**

## KERALA CABINET DISCUSSION (INTRO)

കേരളത്തിൽ, മന്ത്രിസഭ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുന്നു. കോൺഗ്രസ് നിയമസഭാ കക്ഷി യോഗം തിരുവനന്തപുരത്ത് ഇന്ന് ചേർന്നു. 63 എംഎൽഎമാരും എഐസിസി നിരീക്ഷകരായ മുകുൾ വാസ്നിക്, അജയ് മാക്കൻ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു. നിയമസഭ കക്ഷി നേതാവിനെ തിരഞ്ഞെടുക്കാൻ എഐസിസി അധ്യക്ഷനെ ചുമതലപ്പെടുത്തുന്ന പ്രമേയം യോഗം ഏകകണ്ഠമായി അംഗീകരിച്ചു. നിയുക്ത എംഎൽഎമാരെ ഹൈക്കമാൻഡ് നിരീക്ഷകർ നേരിൽക്കണ്ട് അഭിപ്രായം ആരാഞ്ഞു.

പുതിയ മന്ത്രിസഭ സംബന്ധിച്ച തീരുമാനം ഈ ആഴ്ച അവസാനത്തേക്ക് നീണ്ടേക്കും.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ **സ്മിതി എം. പള്ളുരുത്തി.**

(വോയിസ്)

## TN GOVERNOR PRESS RELEASE

തമിഴ്നാട്ടിൽ പുതിയ സർക്കാർ രൂപീകരണത്തിലെ രാഷ്ട്രീയ അനിശ്ചിതത്വങ്ങൾ തുടരുന്നു. സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം ഉന്നയിച്ച് ടിവികെ നേതാവ് വിജയ് രണ്ടാംതവണയും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറെ സന്ദർശിച്ചു. ഗവർണറുടെ ക്ഷണപ്രകാരമായിരുന്നു സന്ദർശനം. സർക്കാർ രൂപീകരണത്തിനായി, ഭൂരിപക്ഷം തെളിയിക്കണമെന്ന നിലപാടാണ് ഗവർണർ കൂടിക്കാഴ്ചയിൽ സ്വീകരിച്ചത്. 118 എംഎൽഎമാരുടെ പിന്തുണയാണ് ഭൂരിപക്ഷത്തിന് വേണ്ടത്. 108 സീറ്റിൽ വിജയം നേടിയ ടിവികെ-യ്ക്ക്, കോൺഗ്രസിൻറെ അഞ്ച് എംഎൽഎ മാർ ഇതിനകം പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. പിന്തുണ നൽകുന്ന കാര്യത്തിൽ നിയമസഭ കക്ഷിയോഗം ചേർന്ന് തീരുമാനമെടുക്കുമെന്ന് വിസികെ അറിയിച്ചു. സർക്കാർ രൂപീകരിക്കാൻ ടിവികെ-യെ ഗവർണർ അനുവദിക്കണമെന്നും, ഭൂരിപക്ഷം സഭയിൽ തെളിയിക്കാൻ അവസരം നൽകണമെന്നും ഇടത് പാർട്ടികൾ നിലപാട് വ്യക്തമാക്കി.

## MODEL CODE OF CONDUCT

നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന കേരളം, അസം, തമിഴ്നാട്, പശ്ചിമബംഗാൾ, പുതുച്ചേരി എന്നിവിടങ്ങളിൽ നിലനിന്നിരുന്ന മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചതായി തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു.

തിരഞ്ഞെടുപ്പ് ഫലം സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്നലെ പുറപ്പെടുവിച്ചിരുന്നു.

## OP-SINDOOR

പഹൽഗാം ഭീകരാക്രമണത്തിന് മറുപടിയായി ഇന്ത്യൻ സായുധ സേന നടത്തിയ സൈനിക നടപടി ഓപ്പറേഷൻ സിന്ദൂറിന് ഇന്ന് ഒരു വർഷം. ഭീകരതയ്ക്ക് എതിരായ രാജ്യത്തിന്റെ അചഞ്ചലമായ ദൃഢനിശ്ചയത്തിൻറെ ഉദാഹരണമാണ് ഓപ്പറേഷൻ സിന്ദൂർ എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ജാഗ്രതയോടെയും, ഐക്യത്തോടെയും, വെല്ലുവിളികൾക്ക് ശക്തമായ മറുപടി നൽകാനുള്ള തയ്യാറെടുപ്പുകളോടെയുമാണ് രാജ്യം നിലകൊള്ളുന്നതെന്നും രാഷ്ട്രപതി വ്യക്തമാക്കി. ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണനും ഓപ്പറേഷൻ സിന്ദൂറിന് അഭിവാദ്യം അർപ്പിച്ചു. ഇന്ത്യൻ സായുധ സേനയുടെ സമാനതകളില്ലാത്ത ധൈര്യവും ദൃഢനിശ്ചയവും ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രകടമായതായി പ്രധാനമന്ത്രി നരേന്ദ്രമോദി അനുസ്മരിച്ചു. സായുധസേനയുടെ പോരാട്ടവീര്യത്തെ രാജ്യം ഒന്നടങ്കം അഭിവാദ്യം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു. 26 പേരുടെ ജീവൻ നഷ്ടമാകാൻ ഇടയാക്കിയ പഹൽഗാം ഭീകരാക്രമണത്തിന് മറുപടിയായി 2025 മെയ് 7-നാണ് ഇന്ത്യ ഓപ്പറേഷൻ സിന്ദൂർ ആരംഭിച്ചത്. പാകിസ്താനിലെയും പാക് അധിനിവേശ കശ്മീരിലെയും ഒൻപത് ഭീകരകേന്ദ്രങ്ങൾ തകർത്തതിന് പുറമേ, നിരവധി ഭീകരരേയും ഈ സൈനിക നീക്കത്തിലൂടെ വധിക്കാൻ സായുധ സേനയ്ക്ക് സാധിച്ചു.

## OPERATION SINDOOR – BRIEFING ( INTRO)

ഓപ്പറേഷൻ സിന്ദൂറിലൂടെ ഭീകരപ്രവർത്തനങ്ങൾക്കുള്ള ഉചിതമായ മറുപടിയാണ് ഇന്ത്യ നൽകിയതെന്ന് കരസേന ലഫ്റ്റനന്റ് ജനറൽ സുബിൻ മിൻവല്ല. ഓപ്പറേഷൻ സിന്ദൂരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ജയ്പൂരിൽ നടന്ന സംയുക്ത കമാൻഡർമാരുടെ സമ്മേളനത്തോടനുബന്ധിച്ച് നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വന്തം കഴിവുകളെ കുറിച്ച് ഉറച്ച ബോധ്യമുള്ള ഇന്ത്യൻ സേനയ്ക്ക് രാജ്യസുരക്ഷയ്ക്ക് വെല്ലുവിളി ഉയർത്തുന്നവരെകുറിച്ചും കൃത്യമായ ധാരണയുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

( വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## SAINIK SCHOOL

അഖിലേന്ത്യാ സൈനിക സ്കൂൾ പ്രിൻസിപ്പൽമാരുടെ 52-ാമത് സമ്മേളനത്തിൻറെ ഉദ്ഘാടനം പ്രതിരോധ സഹമന്ത്രി സഞ്ജയ് സേട്ട് തിരുവനന്തപുരത്ത് നിർവഹിച്ചു. കഴക്കൂട്ടം സൈനിക് സ്കൂളിൽ നടക്കുന്ന രണ്ട് ദിവസത്തെ സമ്മേളനത്തിൽ 33 സൈനിക് സ്കൂളുകളുടെ പ്രിൻസിപ്പൽമാർ പങ്കെടുത്തു. അച്ചടക്കവും, ഉത്തരവാദിത്തവും, ദേശസ്നേഹമുള്ള യുവാക്കളെ രൂപപ്പെടുത്തുന്നതിൽ സൈനിക സ്കൂളുകൾക്ക് നിർണായക പങ്കുണ്ടെന്ന് ശ്രീ സഞ്ജയ് സേട്ട് പറഞ്ഞു. യുദ്ധ സ്മാരകത്തിൽ പുഷ്പാർച്ചനയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. സൈനിക് സ്കൂൾ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള ഭാവി സംരംഭങ്ങളെക്കുറിച്ചുള്ള ചർച്ചകളാണ് സമ്മേളനത്തിൽ നടക്കുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸

## MEA-BRIEFING (INTRO)

ബംഗ്ലാദേശുമായി ബന്ധപ്പെട്ട 2,860 പൗരത്വ പരിശോധന കേസുകളാണ് രാജ്യത്ത് തീർപ്പാകാതെ കിടക്കുന്നതെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ. നിയമവിരുദ്ധമായി ഇന്ത്യയിൽ കഴിയുന്ന ഏതൊരു വിദേശ പൗരനെയും, രാജ്യത്തിന്റെ നിയമങ്ങളും, നടപടിക്രമങ്ങളും അനുസരിച്ച് തിരികെ അയയ്ക്കേണ്ടതുണ്ടെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(വോയിസ്)

## CENSUS 2027-AWARENESS VANS

ആറ് സെൻസസ് ബോധവത്കരണ എൽഇഡി മൊബൈൽ വാനുകളുടെ ഫ്ലാഗ് ഓഫ് സെൻസസ് കമ്മീഷണർ ന്യൂഡൽഹിയിൽ നിർവ്വഹിച്ചു. സെൻസസ് വിവരങ്ങളുടെ പ്രചാരണം ഉറപ്പാക്കുക, പൊതുജന അവബോധം വർദ്ധിപ്പിക്കുക, എന്നിവയാണ് കാമ്പയിൻ ലക്ഷ്യമിടുന്നതെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു. 2027 ലെ സെൻസസിൽ ആദ്യമായി അവതരിപ്പിച്ച Self-Enumeration സൗകര്യം 92 ലക്ഷത്തോളം കുടുംബങ്ങൾ ഇതിനകം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

## NITI AAYOG - REPORT EDUCATION

രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസ സംവിധാനത്തെ കുറിച്ചുള്ള നയ റിപ്പോർട്ട് നിതി ആയോഗ് പുറത്തിറക്കി. സ്കൂൾ വിദ്യാഭ്യാസ സംവിധാനത്തെക്കുറിച്ചുള്ള പത്ത് വർഷത്തെ സമഗ്രമായ വിശകലനമാണ് ഈ റിപ്പോർട്ട്. പതിമൂന്ന് ശുപാർശകൾ

ഉൾക്കൊള്ളുന്ന വിശദമായ നയരേഖയും റിപ്പോർട്ട് മുന്നോട്ടുവയ്ക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## IMD

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. മറ്റന്നാളും 9 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## IPL

ഐപിഎൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിന് ബാറ്റിംഗ്. ടോസ് നേടിയ ബെംഗളൂരു ബൗളിംഗ് തിരഞ്ഞെടുക്കുകയായിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## NETHERLAND-HANTAVIRUS

ഡച്ച് ക്രൂയിസ് കപ്പൽ എം.വി ഹോണ്ടിയസിൽ, ഹാന്റവൈറസ് ബാധയെ തുടർന്ന് മൂന്ന് യാത്രക്കാർ മരിച്ച സാഹചര്യത്തിൽ പ്രതിരോധ നടപടികൾ ഊർജ്ജിതം. ഗുരുതരാവസ്ഥയിലുള്ള രണ്ട് യാത്രക്കാരെ ക്രൂയിസ് കപ്പലിൽ നിന്ന് ഒഴിപ്പിച്ച ശേഷം ചികിത്സയ്ക്കായി നെതർലാൻഡ്സിൽ എത്തിച്ചു. അർജൻറീനയിൽ നിന്ന് ഒരു മാസം മുൻപ് പുറപ്പെട്ട കപ്പലിൽ 23 രാജ്യങ്ങളിൽ നിന്നുള്ള 150 പേരാണ് ഉണ്ടായിരുന്നത്. കപ്പലിലെ 40 ഓളം

യാത്രക്കാർ ദക്ഷിണ അറ്റ്ലാന്റിക് ദ്വീപായ സെന്റ് ഹെലീനയിൽ ഇറങ്ങിയിരുന്നതായി ഡച്ച് വിദേശകാര്യ മന്ത്രാലയം സ്ഥിരീകരിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## ISRAEL-HEZBOLLHA

ലെബനൻ സായുധ ഗ്രൂപ്പായ ഹിസ്ബുള്ളയുമായുള്ള വെടിനിർത്തൽ പ്രഖ്യാപിച്ചതിന് ശേഷം ആദ്യമായി ഇസ്രായേൽ ലെബനനിൽ വീണ്ടും വ്യോമാക്രമണം നടത്തി. റദ്വാൻ സേന കമാൻഡറെ ലക്ഷ്യം വെച്ചുള്ള ആക്രമണത്തിന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു ആണ് അനുമതി നൽകിയത്.

☸☸☸☸☸☸☸☸☸☸☸☸☸

## SHIVRAJ FAMERS DEVELOPMENT

ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിന് കർഷകരുടെ വികസനം അനിവാര്യമാണെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ഹോർട്ടികൾച്ചർ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും പ്രത്യേക കർമ

സേന രൂപീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸